**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – *155    05.12.2018- ൽ മറുപടിയ്ക്ക്

## പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം<br>„ കെ.വി.അബ്ദുൾ ഖാദർ<br>„ എ. എൻ. ഷംസീർ<br>„ എം. രാജഗോപാലൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകിയ ഗൾഫ് പ്രവാസികൾ തൊഴിൽ നഷ്ടഭീതി നേരിടുന്ന സാഹചര്യത്തിൽ മടങ്ങി വരാൻ നിർബന്ധിതരാകുന്നവരെ സഹായിക്കാനും പുനരധിവാസത്തിനുമായി ആവിഷ്കരിക്കുന്ന പദ്ധതികൾ അറിയിക്കാമോ; മറ്റു വിദേശ രാജ്യങ്ങളിലേക്കുള്ള തൊഴിൽ സാധ്യതകൾ പരിശോധിക്കാൻ ഒഡെപെകിന്റെ പ്രവർത്തനം വിപുലീകരിക്കുമോ; | എ) | ഗൾഫ് രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസി മലയാളികൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും,സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രൻറ്സ് (NDPREM) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 30 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്.<br>മറ്റ് വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ പരിശോധിക്കാൻ ഒഡെപെക് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. യൂറോപ്യൻ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി യു.കെ., അയർലണ്ട് എന്നീ രാജ്യങ്ങളിലേക്ക് നഴ്സുമാരുടെ നിയമനത്തിനായി അതത് രാജ്യങ്ങളിലെ റിക്രൂട്ട്മെന്റ് ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | നോർക്ക റൂട്ട്സും പ്രവാസിക്ഷേമ ബോർഡും നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; പ്രവാസി പ്രൊട്ടക്ഷൻ ഹൗസിംഗ് വില്ലേജ്, ഡിവിഡന്റ് പെൻഷൻ മുതലായവ നടപ്പാക്കാൻ പ്രവാസി ക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | ബി) | വിദേശ മലയാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി നോർക്ക-റൂട്ട്സ് മുഖേന താഴെ പറയുന്ന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>1. സാന്ത്വന.<br>2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM).<br>3. തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടി.<br>4. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം.<br>5. വ്യാജ റിക്രൂട്ട്മെൻറ്, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണം.<br>6. ഓൺ ലൈൻ രജിസ്ട്രേഷനും ഡാറ്റാബേസ് രൂപീകരണവും.<br>7. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്.<br>8. പ്രവാസി നിയമസഹായം.<br>9. എൻ.ബി.എഫ്.സി (നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെൻറർ) .<br>10. സ്വപ്നസാഫല്യം.<br>11. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ.<br>12. പൊതുമാപ്പ്.<br>13. വിദേശരാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്.<br>14. നോർക്ക ഫെയർ.<br>പ്രവാസികളുടെ സമഗ്രമായ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം എന്നിവയ്ക്കും അർഹതയുണ്ട്. കൂടാതെ പ്രവാസികൾക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് പ്രവാസി ഡിവിഡന്റ് പെൻഷൻ, സ്വന്തമായി വീടില്ലാത്തവർക്ക് പ്രൊട്ടക്റ്റഡ് ഹൗസിംഗ് |

| | | | |
|---|---|---|---|
| | | | വില്ലേജ് എന്നീ പുതിയ പദ്ധതികളും സർക്കാർ പരിഗണിച്ച് വരുന്നു. |
| സി) | പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാര ശ്രമം നടത്താനായി രൂപീകരിച്ച ലോക കേരള സഭയുടെ പ്രവർത്തനം പ്രാവർത്തികമാക്കുന്നതിനായി സെക്രട്ടേറിയറ്റ് രൂപീകരിച്ചോ; വിശദാംശം അറിയിക്കാമോ? | സി) | 31.07.2018 തീയതിയിലെ സ.ഉ.(കൈ) നം. 2/2018/നോർക്ക നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താഴെകാണുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ലോകകേരള സഭാ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്.<br>1. ചീഫ് സെക്രട്ടറി (സെക്രട്ടറി, ലോകകേരള സഭ)<br>2. പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ് (ജനറൽ കൺവീനർ)<br>3. സെക്രട്ടറി, കേരള നിയമസഭ<br>4. നോർക്ക റൂട്ട്സിലെ മൂന്ന് വൈസ് ചെയർമാന്മാർ,<br>5. ചെയർമാൻ, കേരള പ്രവാസി ക്ഷേമനിധി ബോർഡ്<br>6. ശ്രീ. കെ.എൻ.ഹരിലാൽ, മെമ്പർ, പ്ലാനിംഗ് ബോർഡ്<br>7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്<br>8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള പ്രവാസി ക്ഷേമനിധി ബോർഡ് |

സെക്ഷൻ ഓഫീസർ